പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 107 — 04.12.14 ൽ - മറുപടിക്ക്

## സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ നടപടികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. കൃഷ്ണൻ<br>,, കെ. സുരേഷ് കുറുപ്പ്<br>,, കെ.വി. വിജയദാസ്<br>ഡോ. കെ.ടി. ജലീൽ | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; കേന്ദ്രം ഇതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ നിലവിലെ എ.എ.വൈ., ബി.പി.എൽ. കാർഡുടമകൾ 2009 ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവരെ ഉൾപ്പെടുത്തി താൽക്കാലിക പട്ടിക തയ്യാറാക്കുന്നതിന് 17.09.2014 ലെ സ.ഉ(കൈ) നം.39/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് 2015 ഏപ്രിൽ മാസം വരെ കേന്ദ്രസർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ നിയമപ്രകാമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ; | (ബി) | 07.07.14 ലെ സ.ഉ(കൈ)നം.21/14/ഭ.സി.സ.വ. ഉത്തരവ് പ്രകാരം നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനും മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഫോറം റേഷൻകടകളിലൂടെ കാർഡുടമകൾക്ക് വിതരണം നടത്തി വിവര ശേഖരണം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) ഇതിൻപ്രകാരം നിലവിലുള്ള റേഷൻ ഉപഭോക്താക്കളിൽ എത്ര പേർ ഒഴിവാക്കപ്പെടും എന്ന് വെളിപ്പെടുത്താമോ;<br><br>(ഡി) കേരളം പോലുള്ള സംസ്ഥാനത്തിന് ഈ നിയമത്തിന്റെ നിബന്ധനകളിൽ ഇളവ് നൽകി നിലവിലുള്ള റേഷൻ ഉപഭോക്താക്കളെയെല്ലാം പുതുക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) & (ഡി) | ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ നിലവിലെ ഒരു ഗുണഭോക്താവും ഒഴിവാക്കപ്പെടുകയില്ല. കേന്ദ്രസർക്കാർ പ്രതിവർഷം നൽകുന്ന 14.25 മെ.ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന 1.54 കോടി ജനങ്ങൾക്കായി ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ നൽകുന്നതിന് 10.09 മെട്രിക് ടൺ ഭക്ഷ്യധാന്യം മതിയാകുന്നതാണ്. ബാക്കി വരുന്ന 4.16 മെട്രിക് ടൺ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി നൽകുവാൻ കഴിയുന്നതാണ്. സാർവ്വത്രിക റേഷനിംഗ് സമ്പ്രദായത്തിൽ നിന്നും ഒരു ഗുണഭോക്താവും ഒഴിവാകുന്നില്ല. കേരളത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യം 16.25 ലക്ഷം ടൺ ആയി ലഭിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ